# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാമ്പാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി.13/1191/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 08/10/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാമ്പാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി.13/1191/21 തീയ്യതി: 08/10/2021

## കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-09-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എം എൻ രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 26-08-2021 | 13-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-08-2021 | 13-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പ്രസാദ് പി.ജി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)

ലേഖ വി., ഓഡിറ്റ് ഓഫീസർ
അമ്പിളി എം., അസി. ഓഡിറ്റ് ഓഫീസർ
സുനിത എം.എസ്., അസി.ഓഡിറ്റ് ഓഫീസർ
ജോഷി തോമസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഫിലിപ്പോസ് തോമസ് | പ്രസിഡന്റ് | 01-04-2020 | 30-11-2020 |
| ഡാലി റോയി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| കെ.എൻ. രാധാകൃഷ്ണൻനായർ | സെക്രട്ടറി | 01-04-2020 | 14-06-2020 |
| അജയകുമാർ | സെക്രട്ടറി | 15-06-2020 | 22-06-2020 |
| കെ.എൻ. രാധാകൃഷ്ണൻനായർ | സെക്രട്ടറി | 23-06-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അരുൺ പി സുരേന്ദ്രൻ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| അജിത് കുമാർ വി.എസ്. | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ഓമന മാത്യു | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| പ്രവീൺ ജോൺ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| മഞ്ജു പി.പി. | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.സ്വപ്നമഞ്ജരി | എം.ഒ.(പിഎച്ച്സി) | 01-04-2020 | 29-01-2021 |
| ഡോ. രഞ്ചു | എം.ഒ.(പിഎച്ച്സി) | 30-01-2021 | 31-03-2021 |
| ഡോ.കെ.ജിജേഷ് കുമാർ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ആഷാരാജ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ജൂലി ജോസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 15-02-2021 |
| വിജി വിശ്വനാഥ് | സീനിയർ ഡയറി എക്സറ്റൻഷൻ | 16-02-2021 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| സൗധ ഇ.എ). | എം.ഒ.(ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.അഞ്ജലി വി | എം.ഒ. (ആയുർവേദം) | 01-04-2020 | 15-02-2021 |
| ഡോ. അനുപമ ജി | എം.ഒ. (ആയുർവേദം) | 16-02-2021 | 04-03-2021 |
| ഡോ.നിഖില സജീവൻ | എം.ഒ. (ആയുർവേദം) | 05-03-2021 | 31-03-2021 |
| ആശാറാണി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |

01.12.2020 മുതൽ 29.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലായിരുന്നു.

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Joshy Thomas (Auditor, On 08-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Joshy Thomas (Auditor, On 08-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Joshy Thomas (Auditor, On 09-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Ambily M (Asst. Audit Officer, On 12-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം.<br>Written By: Prasad P G (Audit Officer, On 13-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 1-5 |
| 6 | തൊഴിലുറപ്പു പദ്ധതി<br>Written By: Lekha V (Audit Officer, On 12-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Lekha V (Audit Officer, On 09-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 1-7 |
| 8 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: Joshy Thomas (Auditor, On 09-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം.<br>Written By: Prasad P G (Audit Officer, On 13-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: Joshy Thomas (Auditor, On 09-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 1-10 |
| 11 | രസീതുകളുടെ ഉപയോഗത്തിലെ അപാകതകൾ<br>Written By: Joshy Thomas (Auditor, On 10-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 1-11 |
| 12 | വസ്തുനികുതി കുറവായി നിർണയിച്ചു<br>Written By: Joshy Thomas (Auditor, On 10-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 1-12 |
| 13 | തൊഴിൽ നികുതി അടവാക്കാതെയും ലൈസൻസെടുക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.<br>Written By: Joshy Thomas (Auditor, On 10-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 1-13 |
| 14 | വാടക കുടിശികയായി തുടരുന്നു<br>Written By: Joshy Thomas (Auditor, On 10-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 1-14 |
| 15 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Joshy Thomas (Auditor, On 10-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 1-15 |
| 16 | ദുരിതാശ്വാസ നിധി സമാഹരിക്കുന്നില്ല.<br>Written By: Lekha V (Audit Officer, On 12-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 1-16 |
| 17 | വാർഷിക കണക്കുകളിലുൾപ്പെട്ട തുകകൾ അവശേഷിക്കുന്നത് . | 1-17 |

| | | |
|---|---|---|
| | Written By: Joshy Thomas (Auditor, On 10-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | |
| 18 | കിഴങ്ങ് വർഗ്ഗ വിളകളുടെ വിത്ത് ലഭ്യമായില്ല – തുക തടസ്സപ്പെടുത്തുന്നു<br>Written By: Sunitha M S (Senior Grade Auditor, On 12-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 1-18 |
| 19 | ഗുണഭോക്തൃവിഹിതമിനത്തിൽ പിരിച്ചെടുത്ത തുക പ്രോജക്ടിനായി ചെലവഴിച്ചില്ല.<br>Written By: Ambily M (Asst. Audit Officer, On 13-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 1-19 |
| 20 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധിക ധനസഹായം അനുവദിച്ചു.<br>Written By: Ambily M (Asst. Audit Officer, On 12-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 1-20 |
| 21 | അങ്കണവാടികൾക്ക് ഉപകരണങ്ങൾ വാങ്ങൽ - ജി എസ് ടി കുറവ് ചെയ്തില്ല.<br>Written By: Ambily M (Asst. Audit Officer, On 12-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 1-21 |
| 22 | ഹരിത കർമ്മസേന -അവലോകനം<br>Written By: Ambily M (Asst. Audit Officer, On 13-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 1-22 |
| 23 | വി.ഇ.ഓ നിർവ്വഹിച്ച വിവിധ പ്രോജക്ടകൾ - പദ്ധതി രൂപീകരണത്തിലെ അപാകത<br>Written By: Ambily M (Asst. Audit Officer, On 13-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 1-23 |
| 24 | ആശ്രയ പദ്ധതി അക്കൗണ്ടുകൾ നിലനിർത്തിയിരിക്കുന്നത് ക്രമപ്രകാരമല്ല.<br>Written By: Ambily M (Asst. Audit Officer, On 12-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 1-24 |
| 25 | സർക്കാർ അനുമതിയില്ലാതെ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം.<br>Written By: Lekha V (Audit Officer, On 12-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 1-25 |
| 26 | ബാരൽവില സർക്കാരിലേയ്ക്ക് അടവാക്കിയിട്ടില്ല.<br>Written By: Lekha V (Audit Officer, On 12-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 1-26 |
| 27 | ഇ-ടെണ്ടർ -ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല.<br>Written By: Lekha V (Audit Officer, On 12-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 1-27 |
| 28 | കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി.<br>Written By: Lekha V (Audit Officer, On 12-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 1-28 |
| 29 | സാമൂഹിക അടുക്കളയുടെ പ്രവർത്തനം.<br>Written By: Lekha V (Audit Officer, On 12-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 1-29 |
| 30 | ഭവന നിർമ്മാണ പദ്ധതി 2016-17 – രണ്ട് വീടുകൾ പൂർത്തീകരിച്ചില്ല.<br>Written By: Prasad P G (Audit Officer, On 13-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 1-30 |
| 31 | കോവിഡ് പ്രതിരോധ പ്രവർത്തനം.<br>Written By: Prasad P G (Audit Officer, On 13-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 1-31 |
| 32 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല.<br>Written By: Prasad P G (Audit Officer, On 13-09-2021) | 1-32 |

| | | |
|---|---|---|
| | Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധിക ധനസഹായം അനുവദിച്ചു<br>Written By: Ramamol Velayudhan (Computer Assistant, On 08-10-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: Joshy Thomas (Auditor, On 13-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Joshy Thomas (Auditor, On 09-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Joshy Thomas (Auditor, On 09-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ<br>Written By: Joshy Thomas (Auditor, On 09-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Joshy Thomas (Auditor, On 09-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Joshy Thomas (Auditor, On 09-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Joshy Thomas (Auditor, On 09-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Joshy Thomas (Auditor, On 09-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം<br>Written By: Joshy Thomas (Auditor, On 09-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Joshy Thomas (Auditor, On 09-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Joshy Thomas (Auditor, On 09-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 08-10-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2020-2021 വർഷത്തെ ബജറ്റ് 23.2.2021 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകളും യഥാർഥ വരവ് -ചെലവ് കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 39846412 | 44,711,609 |
| വരവ് | 225953804 | 111678272 |
| ആകെ | 265800216 | 156,389,881 |
| ചെലവ് | 259735500 | 109795218 |
| നീക്കിയിരിപ്പ് | 60647136 | 46594663 |

ബജറ്റ് പ്രകാരം 22.6 കോടി രൂപയുടെ പ്രതീക്ഷിത വരവും 25.97 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2020-21 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 18.39 കോടി രൂപയും ചെലവ് 18.19 കോടി രൂപയുമാണ്.

### 1-2 വാർഷികധനകാര്യപത്രിക

2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 26.07.2011ലെ ജി.ഒ(എംഎസ്)152/11 എൽ.എസ്.ജി.ഡി. ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2) ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാദ്ധ്യതകളുടെ വർഗ്ഗീകരണവും, മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) വസ്തുനികുതിയുടെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്വെയറിലെ കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4) ജീവനക്കാരുടെ തൊഴിൽനികുതി- വാർഷികധനകാര്യ പത്രികയും രജിസ്റ്റർ പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു.

5) പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ/സ്റ്റേഡിയം ഗ്രൗണ്ട് ബുക്കിംഗ് എന്നിവയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവുകൾ രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

6) വാർഷിക ധനകാര്യ പത്രികയിലെ B2 ഷെഡ്യൂൾ പ്രകാരം ഡിസ്ട്രസ് റിലീഫ് ഫണ്ടായി 5079 രൂപ വരവുണ്ട്. എന്നാൽ ഈയിനത്തിൽ വരവിലെടുത്ത തുകകൾ ഡിസ്ട്രസ് റിലീഫ് ഫണ്ടിനായി ഉപയോഗിക്കുന്ന അക്കൗണ്ടിലേക്ക് തുക പൂർണ്ണമായും അടക്കാതെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് വരവു വെച്ചതിനാൽ RP40(B) പ്രകാരം 2079 രൂപയാണ് അവശേഷിക്കുന്നത്.

7) ബി 18 ഷെഡ്യൂളിലെ 460100199 (Other Advances) എന്ന ശീർഷകത്തിൽ ഉൾപ്പെട്ട 1091 രൂപ മുൻവർഷങ്ങൾ മുതൽ അവശേഷിക്കുന്നുണ്ട്. ഷീ ടോയിലറ്റ് പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ച തുകയുടെ ബാക്കിയാണ് ഇത്തരത്തിൽ അവശേഷിക്കുന്നതെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടു. അവശേഷിക്കുന്ന തുക ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് തിരികെ ഒടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

8) ബി 18 ഷെഡ്യൂളിലെ 460500501 (Advance To Implementing Officers) എന്ന ശീർഷകത്തിൽ മുൻവർഷങ്ങളിൽ നൽകിയ 172696 രൂപ ക്രമീകരിക്കാതെ അവശേഷിക്കുന്നു.

9) ബി 18 ഷെഡ്യൂളിലെ 460600101 (Electricity Deposits) എന്ന ശീർഷകത്തിൽ 20100 രൂപ വർഷങ്ങളായി ക്രമീകരിക്കാതെ അവശേഷിക്കുന്നു.

10) എംജിഎൻആർഇജിഎ കാഷ് ബുക്ക് പ്രകാരമുള്ള തുകകൾ വാർഷിക പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

11) റെന്റ് ഡെപ്പോസിറ്റ് തുകയുടെ വാർഷിക ധനകാര്യപത്രികയിലെ നീക്കിയിരുപ്പ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

12) ബി 4 ഷെഡ്യൂളിലെ 320900399 (Other Awards And Honours) എന്ന ശീർഷകത്തിൽ 2018-19 ൽ ലഭിച്ച ജൈവമണ്ഡലം കൃഷി അവാർഡ് തുക 100000 രൂപ അവശേഷിക്കുന്നുണ്ട്. 2019-20 ൽ തുക ചെലവഴിച്ചെങ്കിലും ആയത് ബാലൻസ് ഷീറ്റിൽ അവശേഷിക്കുന്നു.

13) മൈനർ ഇറിഗേഷൻ വകുപ്പിൽ വിവിധ പ്രവർത്തികൾക്കായി നിക്ഷേപിച്ച 3000000/-രൂപ ഡെപ്പോസിറ്റ് വിത്ത് കേരള വാട്ടർ അതോറിറ്റി എന്ന ഹെഡിലാണ്( 460500201) ചേർത്തിട്ടുള്ളത്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 44,711,609 |
| ഓഡിറ്റ് വർഷത്തെ വരവ് | 111678272 |
| ആകെ | 156,389,881 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 109795218 |
| നീക്കിയിരിപ്പ് | 46594663 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5391385 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 17610750 | 17610750 | 17587280 | 23470 | 99.86 |
| വികസന ഫണ്ട്-എസ്.സി. | 0 | 4594000 | 4594000 | 4551963 | 42037 | 99.08 |
| വികസന ഫണ്ട്- ടി.എസ്.പി. | 0 | 1213000 | 1213000 | 809548 | 403452 | 66.73 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 0 | 16487162 | 16487162 | 10496655 | 5990507 | 63.66 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 0 | 6860000 | 6860000 | 531191 | 6328809 | 7.7 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 0 | 5435463 | 5435463 | 5402308 | 33155 | 99.39 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 21382000 | 21382000 | 19325324 | 2056676 | 90.38 |
| ഐസിഡിഎസ് ഫണ്ട് | 509051 | 1037765 | 1546816 | 874703 | 672113 | - |
| സമ്പൂർണ്ണ ശുചിത്വ ഗ്രാന്റ്(TSC) | 25047 | 0 | 25047 | 0 | 25047 | - |
| ശുചിത്വ മിഷൻ ഗ്രാന്റ് | 1138527 | 3478764 | 4617291 | 1085135 | 3532156 | - |
| MGNREGA | 0.50 | 19141756 | 19141756.5 | 19129060 | 12696.5 | |

വികസന ഫണ്ട് പൊതുവിഭാഗത്തിൽ പഞ്ചായത്ത് ചെലവഴിച്ച 15946350 രൂപയും ജി.ഓ. പ്രോജക്ടിലൂടെ ക്രമീകരിച്ച 1664400 രൂപയും ഉൾപ്പടെ (പ്രോജക്ട് 414/21, 423/21, 424/21) 17610750 രൂപയാണ്. ഗ്രാന്റിന്റെ

വിനിമയം സംബന്ധിച്ച അക്കൗണ്ടിങ്ങിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വികസന ഫണ്ട് പൊതുവിഭാഗം അലോട്ട്മെന്റ് തുക ഗ്രാന്റ് പത്രികയിൽ എ.സി.ആർ. പ്രകാരമുള്ള അലോട്ട്മെന്റിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. ആയതിനാൽ നീക്കിയിരിപ്പും വ്യത്യാസപ്പെട്ടിരിക്കുന്നു.

2. സംരക്ഷണ ഗ്രാന്റ്-റോഡ് ഫണ്ടിന്റെ ചെലവ് വാർഷിക കണക്ക് , സാംഖ്യ എ സി ആർ എന്നിവ പ്രകാരം 2,13,81,999 രൂപയാണ്. എന്നാൽ സുലേഖ ചെലവ് പത്രിക , ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം 1,93,25,324 രൂപയാണ് ചെലവ്. പ്രോജക്ട്നം. 157/21,147/21,174/21,164/21,138/21,155/21,172/21,148/21,171/21,165/21 പ്രകാരമുള്ള ചെലവുകൾ പദ്ധതിയിൽ ഉൾപ്പെടാത്തത് മൂലം പ്രസ്തുത പ്രോജക്ടുകളുടെ ചെലവ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിച്ചിട്ടില്ല.

3. ധനകാര്യകമ്മീഷൻ അവാർഡ് ചെലവ് സാംഖ്യ എ സി ആർ പ്രകാരം 11235759 രൂപയാണ്. എന്നാൽ സുലേഖ ചെലവ് പത്രിക , ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം 11027846 രൂപയാണ് . പ്രോജക്ട്നം.178/21,183/21 പ്രകാരമുള്ള ചെലവുകൾ പദ്ധതിയിൽ ഉൾപ്പെടാത്തത് മൂലം പ്രസ്തുത പ്രോജക്ടുകളുടെ ചെലവ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിച്ചിട്ടില്ല.

4. ഗ്രാന്റ് പത്രികയിലെ മേഖല തിരിച്ചുള്ള അലോട്ട്മെന്റ് തുകകളുടെ കണക്ക് യഥാർത്ഥ അലോട്ട്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യകമ്മീഷൻ അവാർഡ് എന്നിവയുടെ അക്കൗണ്ടിങ്ങിലെ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന്(ഗ്രാന്റ് പത്രിക, സുലേഖ ചെലവ് പത്രിക, ഓൺലൈൻ എ.സി.ആർ , വാർഷിക കണക്ക് എന്നിവ പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി അവലോകനം.

2020-21 വാർഷികപദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട ആസൂത്രണസമിതി വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലായി സമാഹരിച്ച പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനായി പദ്ധതി രൂപീകരണ ഗ്രാമസഭ 23-01-2020 മുതൽ 02-02-2020 വരെയുള്ള കാലയളവിൽ ചേർന്ന് പദ്ധതിനിർദ്ദേശങ്ങൾ ചർച്ചചെയ്തു.02-03-2020 ലെ വികസന സെമിനാറിൽ പദ്ധതി നിർദ്ദേശങ്ങൾ അവതരിപ്പിച്ചു. ഇപ്രകാരം വിവിധതലങ്ങളിലെ ചർച്ചകൾക്കും വിശകലനങ്ങൾക്കും ശേഷം ഉരുത്തിരിഞ്ഞ വാർഷികപദ്ധതിക്ക് 16-03-2020 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നല്കി.പദ്ധതിക്ക് ജില്ലാ പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരം 28-01-2021 ലെ 80898/20/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം ലഭിച്ചു.

അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത്. | പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക. | ചെലവ്. |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 12 | 11 | 1276217 | 1054241 |
| 2 | വെറ്ററിനറി സർജൻ | 12 | 12 | 8234500 | 4289519 |
| 3 | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 6 | 5 | 1525000 | 1412150 |
| 4 | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 2 | 2 | 107000 | 106117 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദ) | 3 | 3 | 620000 | 617607 |
| 6 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 369000 | 51756 |
| 7 | വില്ലേജ് | 14 | 9 | 7761440 | 4602194 |

| | | | | | |
|---|---|---|---|---|---|
| | എക്സ്റ്റൻഷൻഓഫീസർ 1 | | | | |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 7 | 5831030 | 5331874 |
| 9 | സെക്രട്ടറി | 26 | 20 | 21279342 | 15659083 |
| 10 | ഹെഡ് മാസ്റ്റർ | 8 | 7 | 1415000 | 1120047 |
| 11 | വില്ലേജ് എക്സ്റ്റൻഷൻഓഫീസർ 2 | 16 | 15 | 19952759 | 12679088 |
| 12 | അസിസ്റ്റന്റ് എൻജിനീയർ. | 201 | 165 | 55418665 | 33851591 |
| 13 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 900000 | 900000 |
| 14 | അസിസ്റ്റന്റ് സെക്രട്ടറി. | 12 | 10 | 1825164 | 635158 |
| | ആകെ | 322 | 269 | 126515117 | 82310425 |

വാർഷിക പദ്ധതിയുടെ ചെലവ് വിശദാംശങ്ങൾ ഉൾപ്പെടെ ലഭ്യമാകുന്നത് "സുലേഖ" ചെലവ് പത്രികയിൽ നിന്നാണ്.അസി.എൻജിനീയർ നിർവഹണം നടത്തി 2019-20ൽ ട്രഷറിയിൽ "ക്യൂ" ആയി മാറിയ 12 പ്രോജക്ടുകളുടെ ബില്ലുകൾ 2020-21 ൽ ട്രഷറിയിൽ നിന്ന് മാറുകയുണ്ടായി.എന്നാൽ ഈ പ്രോജക്ടുകൾ സ്പിൽ ഓവറായി മാറ്റി വാർഷികപദ്ധതിയുടെ ഭാഗമാക്കാതെയിരുന്നതിനാൽ മെയിന്റനൻസ് ഗ്രാന്റ് റോഡ്ൽ നിന്നുള്ള 2056675/ രൂപയും, ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നുള്ള 207913/രൂപയുമുൾപ്പെടെ 2264588/ രൂപയുടെയും 12 പ്രോജക്ടുകളുടെയും വിവരം 2020-21ലെ "സുലേഖ" കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.ഇതുകൂടി ഉൾപ്പെടുത്തിയാൽ പ്രോജക്ടുകളുടെ എണ്ണം യഥാക്രമം 334ഉം,281 ഉം ആയി മാറും.കൂടാതെ വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്ത തുകകൾ 128779705/,84575013/രൂപ വീതവും.അംഗീകാരം ലഭിച്ച ആകെ പ്രോജക്ടുകളിൽ 53 എണ്ണം നടപ്പിലാക്കിയില്ല.കൂടാതെ പ്രോജക്ടുകൾക്കായി വകയിരുത്തിയതിൽ 65ശതമാനം മാത്രമാണ് ചെലവഴിച്ചത്.വകയിരുത്തുന്ന തുകയെക്കാൾ വളരെ കുറച്ചുമാത്രം ചെലവഴിക്കുന്നതിൽ നിന്ന് തുകയുടെ ലഭ്യതക്ക് ആനുപാതികമായല്ല പ്രോജക്ടുകൾ തയാറാക്കുന്നതെന്നാണ് വ്യക്തമാകുന്നത്.സ്പിൽ ഓവറായി ഏറ്റെടുക്കുന്ന പ്രോജക്ടുകൾ പോലും പൂർത്തീകരിക്കുന്നില്ല.അംഗീകാരം ലഭിച്ചവയിൽ 71 സ്പിൽ ഓവർ പ്രോജക്ടുകൾ 2020-21 ൽ നടപ്പാക്കിയില്ല.

പ്രോജക്ട് തുകകൾ വാർഡടിസ്ഥാനത്തിൽ വീതം വച്ച് പ്രോജക്ടുകൾ തയാറാക്കുന്നതു മൂലം തുച്ഛമായ തുക മാത്രം വകയിരുത്തുന്ന സാഹചര്യവും പ്രോജക്ട് പലവർഷങ്ങൾ കഴിഞ്ഞാലും ഫലപ്രാപ്തിയിലെത്താത്ത സാഹചര്യവും നിലനില്ക്കുന്നു.വിവിധ കുടിവെള്ള പ്രോജക്ടുകൾ, 15ാം വാർഡിലെ സാംസ്കാരികനിലയം, വനിതാ ഉല്പന്ന വിപണനകേന്ദ്രം എന്നിവയൊക്കെ ഇതിന് ഉദാഹരണങ്ങളാണ്. കൂടാതെ പ്രവൃത്തിയുടെ ഗുണനിലവാരം, ഫലപ്രാപ്തി, കാര്യക്ഷമത എന്നിവയെ പ്രതികൂലമായി ബാധിക്കുന്നു. പ്രവൃത്തികളുടെ അനിവാര്യത , തുടർപുരോഗതിയെ എപ്രകാരം സഹായിക്കുന്നു എന്നിവയായിരിക്കണം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ മാനദണ്ഡമാക്കേണ്ടത്. എന്നാൽ വാർഡടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതുമൂലം ഇപ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രാവർത്തികമാക്കാനാവുന്നില്ല.

ഫീൽഡ്തല സന്ദർശനങ്ങൾ, രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ പ്രോജക്ടുകളുടെ ശരിയായ മോണിട്ടറിംഗ് നടക്കുന്നില്ല. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ ,വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളൂ.

നിരവധി റോഡുകളുടെ കോൺക്രീറ്റിംഗ്, ടാറിംഗ് റീടാറിംഗ് പ്രവൃത്തികൾ, സ്കൂൾ, അങ്കണവാടി എന്നിവയുടെ നിർമാണപുനരുദ്ധാരണ പ്രവൃത്തികൾ , കുടിവെള്ള പദ്ധതികൾ, കൂടാതെ ഉല്പാദന, സേവന മേഖലകളിലെ പ്രോജക്ടുകൾ എന്നിവയിലൂടെ ഗ്രാമപഞ്ചായത്തിൽ സാധാരണ ജീവിത നിലവാരം മെച്ചപ്പെടുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടെങ്കിലും പഞ്ചായത്തിന്റെ സമഗ്രവികസനത്തിനുതകുന്ന കാര്യക്ഷമമായ നടപടികളും ഇനിയും ഉണ്ടാവണം.

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2020-21 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 20വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി ലേബർ ഗ്രാമസഭകൾ കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2020--21സാങ്കേതിക അനുമതി ലഭിച്ച 372പ്രോജക്ടുകളിൽ 40എണ്ണം തൻവർഷം പൂർത്തിയാക്കി. 2020-21വർഷം 49797തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 748 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി നിർമ്മാണം, കിണർ നിർമ്മാണം,റോഡ് കോൺക്രീറ്റിംഗ്,കന്നുകാലിത്തൊഴുത്ത് നിർമ്മാണം,ആട്ടിൻകൂട് നിർമ്മാണം,കോഴിക്കൂട് നിർമ്മാണം,കമ്പോസ്റ്റ് പിറ്റ് നിർമ്മാണം,കിണർ എന്നിവയാണ് 2020-21 ൽ നടപ്പാക്കിയ പ്രധാനപ്രോജക്ടുകൾ. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2020-21 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | .50 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 18085475 | 19141756 |
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 1056281 | |
| ആകെ | | | 19141756.50 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 14810220 | |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 689012 | |
| | ഉപകരണങ്ങളുടെ വില, വാടക | 2586243 | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ് ഉൾപ്പടെ) | 1043585 | |
| | 100 ദിവസം പൂർത്തിയാക്കിയവർക്കുള്ള തുക | ---- | 19129060 |
| നീക്കിയിരുപ്പ് | | | 12696.50 |
| ആകെ | | | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7920 | 11 |
| കർഷകതൊഴിലാളി പെൻഷൻ | 4,428,200 | 285 |
| വിധവാപെൻഷൻ | 15,298,700 | 1031 |
| വാർദ്ധക്യകാലപെൻഷൻ | 41,750,900 | 2979 |
| വികലാംഗപെൻഷൻ | 4,633,700 | 310 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 605,300 | 42 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 180,000 | 6 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-08-2021 3.20 പി എം ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 72019/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ ഫലപ്രദമായിരുന്നതായാണ് ഓഡിറ്റിനായി ലഭ്യമായ ഫയലുകളും രേഖകളും പരിശോധിച്ചതിൽ വ്യക്തമായത്. കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണം സാധ്യമാക്കുന്നതിന് ഓരോ ജീവനക്കാരുടെയും ജോലികൾ കൃത്യമായി നിർവചിക്കുക, അവ ഉത്തരവുകളായി എഴുതി ആധികാരികമാക്കുക, ക്രമക്കേടുകൾക്കിടയാകാത്ത വിധം ഉദ്യോഗസ്ഥരുടെയിടയ്ക്ക് ജോലിവിഭജനം നടത്തുക എന്നിങ്ങനെയുള്ള നടപടികൾ സ്വീകരിച്ചിരുന്നത് ഫലപ്രാപ്തി നല്കിയിട്ടുണ്ട്. വ്യക്തമായി നിർവചിച്ച അക്കൗണ്ടിംഗ് സംവിധാനമാണ് സ്ഥാപനത്തിൽ ബാധകമാക്കിയിട്ടുള്ളത്. പണസംബന്ധമായും ബാങ്ക് ഇടപാടുകളുമായും ബന്ധപ്പെട്ട് ക്രമക്കേടുണ്ടാകാത്തവിധം നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം, സേവനരേഖകൾ, എന്നിവ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടുത്തി ഈടാക്കുന്നതിൽ ഇനിയും പുരോഗതി കൈവരിക്കേണ്ടതുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ , സ്റ്റോക്ക് രജിസ്റ്റർ തുടങ്ങിയവയുടെ സൂക്ഷിപ്പിലും അപാകതകൾ നിലനില്ക്കുന്നു . അടിസ്ഥാന രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകത വാർഷികകണക്കുകളിലും പ്രതിഫലിക്കുന്നുണ്ട്. ഭൂമി ഉൾപ്പെടെ ആസ്തികൾ കൃത്യമായി സംരക്ഷിക്കുന്നതിലും അക്കൗണ്ട് ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഭരണസമിതി തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ തുടർ നിരീക്ഷണം ഉണ്ടാകുന്നില്ല. ഗ്രാമസഭാ സംഘാടനത്തിൽ ക്വോറം ഉറപ്പാക്കുന്നതിനും യോഗമിനിറ്റ്സ് ശരിയായി പൂർത്തീകരിക്കുന്നതിലും പല അംഗങ്ങളും വീഴ്ചവരുത്തി.വാർഷിക പദ്ധതി പ്രോജക്ടുകളുടെ നിർവഹണത്തിൽ മോണിട്ടറിംഗിന്റെ അഭാവം പല പ്രോജക്ടുകളുടെയും കാര്യക്ഷമമായ പൂർത്തീകരണത്തിനും ലക്ഷ്യ പ്രാപ്തിക്കും വിഘാതമായി.

വിട്ടുകിട്ടപ്പെട്ട സ്ഥാപനങ്ങളിലെ ഉൾപ്പെടെയുള്ള ജീവനക്കാരുടെയും ഭരണസമിതിയുടെയും ഏകോപനത്തോടെയുള്ള പ്രവർത്തനത്തിലൂടെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തെ കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.07.2017 – 14.07.2017 | 2012-13മുതൽ 2016-17വരെ | LBA(HQ)II/8A-2650/17-18/151 തീയതി 21.08.17 |
| പെർഫോർമൻസ് ഓഡിറ്റ് | 24.05.2019- | 01.03.2019 മുതൽ 30.04.2019 വരെ | ലഭ്യമാക്കിയിട്ടില്ല |

## 1-11 രസീതുകളുടെ ഉപയോഗത്തിലെ അപാകതകൾ

മാന്വൽ രസീതുകളുടെ ഉപയോഗത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 1575 എന്ന രസീത് ബുക്കിൽ രസീത് നം 78 ൽ പിരിച്ചിട്ടുള്ളത് ശ്രീ ജോസഫ് പി.ബി., പുത്തേട്ട് എന്ന വ്യക്തിയുടെ കെട്ടിട നികുതിയാണ്. (കെട്ടിട നം.11/23). 2020-21 വർഷത്തെ കളക്ഷൻ തുകയായി 595

രൂപയാണ് 18.2.21 തീയതിയിൽ രസീത് പ്രകാരം പിരിച്ചിട്ടുള്ളതായി ചേർത്തിരിക്കുന്നത്. എന്നാൽ സഞ്ചയയിൽ ആയത് പോസ്റ്റ് ചെയ്തിട്ടുള്ളത് 2019-20, 20-21 വർഷങ്ങളിലെ വസ്തുനികുതിയായി 1395 രൂപയാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം-2) 11/23 എന്ന കെട്ടിട നമ്പരിനു പകരം 11/83 എന്ന് തെറ്റായി മനസിലാക്കി കളക്ഷൻ സ്വീകരിച്ചതിനാലാണ് അപാകതക സംഭവിച്ചതെന്നും സഞ്ചയയിൽ പോസ്റ്റിംഗ് നടത്തിയപ്പോൾ തുക വ്യത്യാസം കണ്ടതിനാൽ യഥാർത്ഥ തുക അടവാക്കിയതായും മറുപടി നൽകിയിട്ടുണ്ട്.

2. രസീതു ബുക്കുകളിൽ പിരിക്കുന്ന വസ്തുനികുതി തുകകൾ സഞ്ചയയിലേക്ക് പോസ്റ്റ് ചെയ്യുമ്പോൾ രസീത് നമ്പരുകൾ തെറ്റായി രേഖപ്പെടുത്തുന്നതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് നം | രസീത് ബുക്ക് പ്രകാരം കെട്ടിട നം/ഉടമയുടെ പേര് | സഞ്ചയ പോസ്റ്റിംഗിൽ കെട്ടിട നം/ ഉടമയുടെ പേര് |
|---|---|---|
| 1583/14 | 20/517, ഷിബു ഫിലിപ്പോസ്, തെക്കേക്കുറ്റ് | 20/534, സാകുട്ടി പള്ളിവിളയിൽ |
| 1583/15 | 20/534, സാംകുട്ടി പള്ളിവിളയിൽ | 20/503, സാറാമ്മ കോര, ചിറയ്ക്കപ്പറമ്പ് |
| 1583/16 | 20/503, സാറാമ്മ കോര, ചിറയ്ക്കപ്പറമ്പ് | 20/517, ഷിബു ഫിലിപ്പോസ്, തെക്കേക്കുറ്റ് |

രസീതുകളിലെ പിരിവ് തുകകൾ സഞ്ചയയിലേക്ക് പോസ്റ്റിംഗ് നടത്തിയപ്പോൾ രസീത് നമ്പരുകൾ ക്രമത്തിലല്ലാതെ പരസ്പരം മാറി പോസ്റ്റ് ചെയ്തതിനാലാണ് അപാകതകയുണ്ടായതെന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

3. വിവിധ രസീതുകളിൽ പിരിച്ചിട്ടുള്ള തുകകളും സഞ്ചയയിൽ പോസ്റ്റിംഗ് നടത്തുന്ന തുകകളും തമ്മിൽ വ്യത്യാസങ്ങൾ കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് നം | കെട്ടിട നം | രസീത് ബുക്കിൽ പിരിച്ച തുക | സഞ്ചയയിൽ പോസ്റ്റ് ചെയ്ത തുക |
|---|---|---|---|
| 5671/4 | 20/472 | 348 | 359 |
| 5671/5 | 20/476 | 100 | 119 |
| 1568/46 | 19/98 | 470 | 458 |
| 1568/55 | 19/43 | 345 | 310 |
| 1568/62 | 19/166 A | 4660 | 4646 |

കളക്ഷൻ ക്യാംപുകളിൽ നികുതി പിരിവ് നടത്തുന്ന സമയത്ത് തന്നെ ഓൺലൈനായി സഞ്ചയയിൽ പോസ്റ്റിംഗ് നടത്തിയപ്പോളുണ്ടായ തെറ്റുകളാണ് മേൽ അപാകതകൾക്ക് കാരണമെന്ന് ഇതുസംബന്ധിച്ച് മറുപടി ലഭ്യമാക്കി. കൂടാതെ കളക്ഷൻ മൊഡ്യൂളിൽ പോസ്റ്റ് ചെയ്ത തുക എഡിറ്റ് ചെയ്യാനുള്ള സംവിധാനം നിലവിലില്ലാത്തതിനാൽ അപാകതക പരിഹരിക്കാനും സാധിച്ചില്ലെന്ന് മറുപടി ലഭിച്ചു.

രസീത് ബുക്കുകളിൽ കളക്ഷൻ സ്വീകരിക്കുമ്പോഴും സഞ്ചയയിലേക്ക് പോസ്റ്റിംഗ് നടക്കുമ്പോഴും ശ്രദ്ധക്കുറവുണ്ടാകുന്നുണ്ടെന്നാണ് മേൽ മറുപടികളിൽ നിന്നും വ്യക്തമാകുന്നത്. ക്യാമ്പ് കളക്ഷനുകളിൽ തുക

പിരിക്കുമ്പോഴും പോസ്റ്റിംഗ് നടത്തുമ്പോഴും കൂടുതൽ ജാഗ്രത പുലർത്തുന്നതിനും മേൽ പരിശോധന ഉറപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-12 വസ്തുനികുതി കുറവായി നിർണയിച്ചു

വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. ന് താഴെയുള്ള ഹോട്ടൽ, ഷോപ്പുകൾ, റെസ്റ്റോറന്റുകൾ,ഗോഡൗൺ എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് 40/ച.മീ എന്ന നിരക്കിലും 100 ച.മീ. ന് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 55/ച.മീ. എന്ന നിരക്കുമാണ് പഞ്ചായത്തിൽ ഈടാക്കുന്നത്. വസ്തുനികുതി പരിശോധനയിൽ 6/128B, 9/517 എന്നീ 100 ച.മീറ്ററിൽ മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 100 ച.മീറ്ററിൽ താഴെയുള്ള കെട്ടിടം എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണയിച്ചതായി കാണുകയുണ്ടായി.

വസ്തു നികുതി കുറവായി നിർണ്ണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് (എൻക്വറി നം13) ച.മീറ്ററിന് 55 രൂപ നിരക്കിൽ നികുതി പുനർനിർണയിച്ച് മറുപടി ലഭ്യമാക്കി. നികുതി നിർണ്ണയത്തിൽ ഇപ്രകാരമുള്ള അപാകതകൾ ഉണ്ടാവാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി അടവാക്കാതെയും ലൈസൻസെടുക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റബ്കോ പാമ്പാടിയുടെ 2020-21 വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ പിരിച്ചെടുത്തിട്ടില്ല. 2019-20 ൽ ഒന്നാം അർദ്ധവർഷം 189810 രൂപ ഈയിനത്തിൽ വരവുണ്ടായിരുന്നു. ഓഡിറ്റ് അന്വേഷണത്തിന്(എൻക്വയറി നം.7) തൊഴിൽ നികുതി അടവാക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭിച്ചു.

2. പഞ്ചായത്ത് പരിധിയിൽ 20 വാർഡുകളിലായി ഒട്ടേറെ റേഷൻ പൊതുവിതരണ കേന്ദ്രങ്ങളും ,അബ്കാരി ഷാപ്പുകളും പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒരു സ്ഥാപനവും സ്ഥാപന തൊഴിൽനികുതിയോ ജീവനക്കാരുടെ തൊഴിൽ നികുതിയോ അടവാക്കുന്നില്ലെന്നു കാണുന്നു.

കൂടാതെ റേഷൻ പൊതുവിതരണ കേന്ദ്രങ്ങളും അബ്കാരി ഷാപ്പുകളും പഞ്ചായത്തിൽ നിന്നും ആവശ്യമായ ലൈസൻസെടുക്കാതെയാണ് പ്രവർത്തിച്ചു വരുന്നത്. വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ ചട്ടങ്ങളിലെ ചട്ടം 3 പട്ടിക 1 ലെ ക്രമ നം. 139, 149 എന്നിവ പ്രകാരം അബ്കാരി ഷാപ്പുകൾ സംഭരണവും വിൽപ്പനയും നടത്തൽ, റീട്ടെയിൽ റേഷൻ ഡിപ്പോ നടത്തിപ്പ് എന്നിവയ്ക്ക് ലൈസൻസ് എടുക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും ലൈസൻസ് യഥാസമയം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-14 വാടക കുടിശികയായി തുടരുന്നു

പഞ്ചായത്തിന്റെ 2020-21 വർഷത്തെ വാടക വരവ് പരിശോധിച്ചപ്പോൾ ധാരാളം കെട്ടിടങ്ങൾ വാടകയിനത്തിൽ കുടിശിക വരുത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിടത്തിന്റെ പേര്, മുറി നം | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക നിരക്ക് (ജിഎസ്ടി ഉൾപ്പെടെ) | കുടിശിക അടവാക്കാനുള്ള മാസങ്ങൾ | അടവാക്കാനുള്ള തുക |
|---|---|---|---|---|---|
| 1 | മിനി സിവിൽ സ്റ്റേഷൻ | ഡൊമിനിക് മാത്യു, കുഴിമറ്റത്തിൽ | 87792 | 1/21-3/21 | 263376 |

| | | | | | |
|---|---|---|---|---|---|
| | കെട്ടിടം, MCS 5,9-38 | | | | |
| 2 | മിനി സിവിൽ സ്റ്റേഷൻ കെട്ടിടം, MCS 8 | പി.വി.തമ്പി, പ്രഭാശ്ശേരിൽ | 1638 | 6/20-3/21 | 16378 |
| 3 | മിനി സിവിൽ സ്റ്റേഷൻ കെട്ടിടം, MCS 15-17 | പി.ബി.പ്രകാശ്, പുന്നമറ്റത്തിൽ | 9780 | 1/21-3/21 | 29340 |
| 4 | ന്യൂ ഷോപ്പിംഗ് കോംപ്ലക്സ്, NSC-1 | അമ്പിളി കെ.റ്റി., കരിയത്രക്കാവിൽ | 3717 | 6/20-3/21 | 37170 |
| 5 | ന്യൂ ഷോപ്പിംഗ് കോംപ്ലക്സ്, NSC-27-30 | സെക്രട്ടറി, ഹൗസിംഗ് കോപ്പറേറ്റീവ് സൊസൈറ്റി | 4545 | 6/20-3/21 | 45453 |
| 6 | ബസ് സ്റ്റാന്റ് സ്റ്റാൾ, BSS-4 | അബ്ദുൾ ഖാദർ, ഫാത്തിമ മൻസിൽ | 1978 | 6/20-3/21 | 19777 |
| 7 | മാർക്കറ്റ് ഷോപ്പിംഗ് സ്റ്റാൾ, MSS-3 | സുജാത കെ.കെ., കാവുങ്കൽ | 683 | 12/20-3/21 | 2733 |
| 8 | മാർക്കറ്റ് ഷോപ്പിംഗ് സ്റ്റാൾ, MSS-4 | പി.കെ.മോഹനൻ, പുത്തൻപറമ്പിൽ | 683 | 9/20-3/21 | 4783 |
| 9 | മാർക്കറ്റ് ഷോപ്പിംഗ് സ്റ്റാൾ, MSS-5 | ശാരിക ശശികുമാർ, മാത്തിപറമ്പിൽ | 2602 | 6/20-3/21 | 26019 (സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും 12600 തുക അഡ്ജസ്റ്റ് ചെയ്തതിന് ശേഷം അവശേഷിക്കുന്ന തുക 13419) |
| 10 | മാർക്കറ്റ് ഷോപ്പിംഗ് സ്റ്റാൾ, MSS-6 | പെണ്ണമ്മ രാഘവൻ, പാതേപറമ്പിൽ | 683 | 6/20-3/21 | 6832 |
| 11 | മാർക്കറ്റ് ഷോപ്പിംഗ് സ്റ്റാൾ, MSS-9 | ജയ് മോൻ പി.ആർ., പാതേപറമ്പിൽ | 683 | 6/20-3/21 | 6832 |
| 12 | മാർക്കറ്റ് ഷോപ്പിംഗ് സ്റ്റാൾ, MSS-7 | തങ്കച്ചൻ, വരിക്കപ്ലാക്കൽ | 683 | 6/20-3/21 | 6832 |
| 13 | മാർക്കറ്റ് | കുരുവിള | 1365 | 6/20-3/21 | 13653 |

| | | | | | |
|---|---|---|---|---|---|
| | ഷോപ്പിംഗ് സ്റ്റാൾ, MSS-13,14 | വർഗീസ്, ചുഴക്കുന്നേൽ | | | |
| 14 | മാർക്കറ്റ് ഷോപ്പിംഗ് സ്റ്റാൾ, MSS-15 | കുരുവിള മാണി, മല്ലക്കാട്ട് | 683 | 6/20-3/21 | 6832 |
| 15 | മാർക്കറ്റ് ഷോപ്പിംഗ് സ്റ്റാൾ, MSS-16 | കുരുവിള മാണി, മല്ലക്കാട്ട് | 683 | 6/20-3/21 | 6832 |
| 16 | മാർക്കറ്റ് ഷോപ്പിംഗ് സ്റ്റാൾ, MSS-18 | ശേഖരൻ, ചുക്കുപറമ്പിൽ | 8199 | 6/20-3/21 | 81986 |
| 17 | അഗ്രികൾച്ചറൽ ട്രേഡിംഗ് സെന്റർ, ATC 5 | സുജിത് മോൻ ശശി, വരിക്കാനിക്കുഴി | 16049 | 1/21-3/21 | 48148 |
| 18 | അഗ്രികൾച്ചറൽ ട്രേഡിംഗ് സെന്റർ, ATC 8 | രതീഷ് പി.ആർ., പാതേപറമ്പിൽ | 16049 | 1/21-3/21 | 48148 |

വാടക കുടിശികയായതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം.3) കുടിശിക ഈടാക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ടെന്നും കുടിശിക അടിയന്തിരമായി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഇതിൽ ക്രമ നം. 12,14.16 എന്നീ വാടകക്കാർ 2018-19 വർഷം മുതൽ വാടക കുടിശിക വരുത്തിയിട്ടുള്ളതാണ്. വാടക വർഷങ്ങളായി കുടിശിക വരുത്തിയിട്ടുള്ളവരെ തുടർവർഷങ്ങളിൽ ഒഴിവാക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിക്കുന്നില്ല. വാടക കുടിശിക വരുത്തിയിട്ടുള്ള വാടകക്കാരിൽ നിന്നും തുക പൂർണമായി പിഴയോടു കൂടി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. തുടർച്ചയായി വാടക കുടിശിക വരുത്തുന്നവരെ ഒഴിവാക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കേണ്ടതാണ്.

<u>1-15 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു</u>

പഞ്ചായത്തിന്റെ കെട്ടിടങ്ങൾ വാടകയ്ക്കെടുത്ത വ്യക്തികൾ സ്ഥാപനങ്ങൾ നടത്തുന്നതിന് ആവശ്യമായ ലൈസൻസ് എടുത്തിട്ടില്ലെന്നു കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | വ്യക്തിയുടെ പേര് |
|---|---|---|
| 1 | MCS 2 | മനോജ് പി.ജി. |
| 2 | MCS 5-14,18-41 | ഡൊമിനിക് മാത്യൂ |
| 3 | MCS 15-17 | പി.ബി. പ്രകാശ്, പുന്നമറ്റം |
| 4 | NSC 1 | അമ്പിളി കെ.ടി., കരിയത്രുക്കാവിൽ |
| 5 | NSC 17,18 | സെക്രട്ടറി വനിതാ കോപ്പറേറ്റീവ് സൊസൈറ്റി |
| 6 | NSC 38 | പി.ഡി. വിജയൻ, പേഴമറ്റം |
| 7 | NSC 40 | ശോശാമ്മ മാത്യൂ, കന്നുകുഴിയിൽ |

| | | |
|---|---|---|
| 8 | NSC 41 | കെ.സി.വർക്കി, കന്നുകുഴിയിൽ |
| 9 | NSC 42 | പി.വി.ബാബു പുത്തൻപറമ്പിൽ |
| 10 | NSC 44 | സുനിൽ പി.ടി., കാട്ടുമറ്റം |
| 11 | BSS 2 | വി.ടി.പ്രഭ, വട്ടമല |
| 12 | BSS 8 | പ്രകാശ് കൊല്ലംപറമ്പിൽ |
| 13 | BSS 12 | പി.എം.റെജി, കുരിയന്നൂർകുന്ന് |
| 14 | MSS 2 | പ്രമോദ്കുമാർ പോളോത്ത് |
| 15 | MSS 3 | സുജാത കെ.കെ., കാവുങ്കൽ |
| 16 | MSS 4 | പി.കെ.മോഹനൻ |
| 17 | MSS 6 | പെണ്ണമ്മ രാഘവൻ, പതേപറമ്പിൽ |
| 18 | MSS 7 | തങ്കച്ചൻ വരിക്കാമാക്കൽ |
| 19 | MSS 8 | ഷാജി ചേകോണിൽ |
| 20 | MSS 9 | ജയ് മോൻ പി.ആർ., പതേപറമ്പിൽ |
| 21 | MSS 10 | കെ.സി.വർഗീസ്, കുന്നുകുഴിയിൽ |
| 22 | MSS 13,14 | കുരുവിള വർഗീസ്, ചുഴകുന്നേൽ |
| 23 | MSS 15,16 | കുരുവിള മാണി |
| 24 | MSS 18 | ശേഖരൻ, ചുക്കപറമ്പിൽ |
| 25 | MSS 19 | ശിവദാസൻ, മുക്കാട്ട് |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം.8) സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ കെട്ടിടങ്ങൾ വാടകയ്ക്കെടുത്ത വ്യക്തികൾ പോലും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്ന സാഹചര്യത്തിൽ ഒട്ടേറെ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നുണ്ടെന്നാണ് ബോധ്യമാകുന്നത്. പഞ്ചായത്ത് പരിധിയിലെ സ്ഥാപനങ്ങളെല്ലാം ആവശ്യമായ രേഖകൾ സമർപ്പിച്ച് പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്താണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-16 ദുരിതാശ്വാസ നിധി സമാഹരിക്കുന്നില്ല.

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും)ചട്ടങ്ങളിലെ ചട്ടം3 പ്രകാരം ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട്. 23.10.19 ലെ 9(1)തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി ആരംഭിക്കുന്നതിനായി എച്ച്.ഡി.എഫ്.സി (A/C No.50100325207031) ബാങ്കിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ടി അക്കൗണ്ടിലേയ്ക്ക് ധനസമാഹരണത്തിനായി ഗ്രാമപഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. പ്രസിഡണ്ട് ചെയർമാനായും,സെക്രട്ടറി കൺവീനറും ,വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അംഗവുമായി സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ യോഗം ചേരുകയോ അർഹതപ്പെട്ടവർക്ക് ധനസഹായം ചെയ്യാനോ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.ദുരിതാശ്വാസ നിധി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം ദുരിതാശ്വാസ നിധി ധനശേഖരണാർത്ഥം കലാകായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും,വ്യക്തികൾ,സംഘടനകൾ,സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്.ദുരിതാശ്വാസനിധി സമാഹരിച്ച് അർഹതപ്പെട്ടവർക്ക് ആവശ്യമായ സന്ദർഭങ്ങളിൽ ധനസഹായം നൽകുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

**1-17 വാർഷിക കണക്കുകളിലുൾപ്പെട്ട തുകകൾ അവശേഷിക്കുന്നത്.**

2019-20, 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികകളിലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടുള്ള താഴെ കൊടുത്തിട്ടുള്ള തുകകളുടെ വിശദാംശങ്ങൾ സംബന്ധിച്ച വ്യക്തമായ രേഖകൾ ലഭ്യമായില്ല.

| ക്രമ നം | അക്കൗണ്ട് ഹെഡ് | അക്കൗണ്ട് ഹെഡിന്റെ വിശദാംശം | 31.3.2021 ൽഅവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | 320700104 | Contributions For Joint Venture Projects (For Capital Expenditure) - From Block Panchayats | 195548 |
| 2 | 320700204 | Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats | 26,001 |
| 3 | 320700404 | Contributions For Other Specific Purposes (For Revenue Expenditure)- From Block Panchayats | 685,613 |
| 4 | 460600101 | Electricity Deposits | 20,100 |
| 5 | 460500501 | Advance To Implementing Officers | 172,696 |

ടി തുകകൾ സംബന്ധിച്ച് വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം14) മുൻവർഷങ്ങളിൽ വിവിധ പദ്ധതികൾക്കായി പഞ്ചായത്തിന് ലഭിച്ച തുകകളും വിവിധ പദ്ധതികൾക്കായി പഞ്ചായത്ത് നിക്ഷേപിച്ച തുകകളുമാണ് ഇത്തരത്തിൽ അവശേഷിക്കുന്നതെന്നും ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**1-18 കിഴങ്ങ് വർഗ്ഗ വിളകളുടെ വിത്ത് ലഭ്യമായില്ല – തുക തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പ്രോജക്ട് നം | 14/21 |
| പ്രോജക്ടിന്റെ പേര് | കിഴങ്ങ് വർഗ്ഗ വിളകളുടെ കൃഷി വ്യാപനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 102000(വികസന ഫണ്ട്) |
| ചെലവ് | 102000 |
| ബിൽ നം. | 2/16.2.21<br>15/27.3.21 |

പ്രസ്തുത പ്രോജക്ട് പ്രകാരം കിഴങ്ങ് വർഗ്ഗ വിളകളുടെ വിത്തുകളുടെ വിലയായി 102000 രൂപ ഷുഗർ കെയിൻ സീഡ് ഫാം ,പന്തളം എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. സാധനങ്ങളുടെ വിതരണവിവരം പരിശോധനയ്ക്കായി ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10) കോവിഡ് , ലോക്ക് ഡൗൺ തുടങ്ങിയ സാഹചര്യങ്ങൾ മൂലം നാളിതുവരെ ടി സാധനങ്ങൾ ലഭിച്ചിട്ടില്ല എന്ന് മറുപടി നല്കി. വിത്ത്

കിറ്റുകൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ടിയിനത്തിൽ ചെലവഴിച്ച 102000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിത്ത് കിറ്റുകൾ ലഭ്യമാക്കി വിതരണം ചെയ്ത് തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-19 ഗുണഭോക്തൃവിഹിതമിനത്തിൽ പിരിച്ചെടുത്ത തുക പ്രോജക്ടിനായി ചെലവഴിച്ചില്ല.**

| | |
|---|---|
| പ്രോജക്ട് നം | 39/21 |
| പ്രോജക്ടിന്റെ പേര് | ക്ളീൻ കോട്ടയം-ഗ്രീൻ കോട്ടയം - ഉറവിട മാലിന്യ സംസ്കരണ ഉപാധികളുടെ വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ |
| അടങ്കൽ | 512898 -( 13-ാം ധനകാര്യകമ്മിഷൻ ഗ്രാന്റ്)<br>363000-(കേന്ദ്രാവിഷ്കൃത ഫണ്ട്)<br>213102 -(തനത് ഫണ്ട്)<br>121000-(മറ്റുള്ളവ) |
| ചെലവ് | 440000 -( 13-ാം ധനകാര്യകമ്മിഷൻ ഗ്രാന്റ്)<br>363000 -(കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ബിൽ നം./ ചെക്ക് നം. | 16/ 24.8.20 -242000<br>42/ 19.3.21 -198000<br>2053345/5.2.21 -363000 |

ഉറവിട മാലിന്യ സംസ്കരണ ഉപാധികളുടെ വിതരണം എന്ന പ്രോജക്ട് പ്രകാരം കിച്ചൺ ബിൻ, റിംഗ് കമ്പോസ്റ്റ് ,ബക്കറ്റ് കംപോസ്റ്റ് എന്നിവ IRTC -PIU മുഖേന വിതരണം ചെയ്തിട്ടുണ്ട് .ആയതിന്റെ വിലയിനത്തിലെ 10% തുകയായ 80300 രൂപ ഗുണഭോക്തൃവിഹിതമായി പിരിച്ചെടുത്ത് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്.എന്നാൽ പ്രോജക്ട് നടപ്പിലാക്കിയപ്പോൾ ഗുണഭോക്തൃ വിഹിതമിനത്തിലെ തുക നല്കുന്നതിനു പകരം ടി തുകയുൾപ്പെടെ കേന്ദ്രാവിഷ്കൃത വിഹിതത്തിൽ നിന്നും ചെലവഴിച്ചതായി

കാണുന്നു.2021-22 വർഷവും ടി പ്രോജക്ട് തുടരുന്നുണ്ട്. ടി സാഹചര്യത്തിൽ 2020-21വർഷം ഗുണഭോക്തൃവിഹിതമിനത്തിൽ പിരിച്ചെടുത്ത തുക 21-22 വർഷത്തെ ചെലവിൽ ക്രമീകരിച്ച് നിർവ്വഹണ ഏജൻസിക്ക് നല്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധിക ധനസഹായം അനുവദിച്ചു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ് , സെന്റ് തോമസ് ഗവ.എൽ പി എസ് |
| പ്രോജക്ട് നം, പ്രോജക്ട് | 70/21 , പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| ചെലവ് | 3,40,000 (എസ് സി പി) |
| ബിൽ നം | 02/25.02.21 |

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന നിധീഷ് കുമാർ റ്റി എസ് , തയ്യാട്ടുകിഴക്കേതിൽ , പാമ്പാടി എന്ന വിദ്യാർത്ഥി 2019-21 വർഷം ഗവ.ഐടിഐ പള്ളിക്കത്തോട്ടിൽ Mechanical Motor Vehicle എന്ന ഐടിഐ കോഴ്സ് ആണ് പഠിച്ചിരുന്നത്. എന്നാൽ ബിരുദ / എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് നൽകുന്ന 20,000 രൂപയാണ് വിദ്യാർത്ഥിക്ക് അനുവദിച്ചത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 15,000 രൂപയായിരുന്നു അനുവദിക്കാവുന്നത്. അയ്യായിരം രൂപ അധികമായി അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (6/21/02.09,21) മറുപടിയായി അധികം നൽകിയ തുക തിരികെ അടയ്ക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. തുക തിരികെ സർക്കാറിലേയ്ക്ക് അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-21 അങ്കണവാടികൾക്ക് ഉപകരണങ്ങൾ വാങ്ങൽ - ജി എസ് ടി കുറവ് ചെയ്തില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥ | ഐസിഡിഎസ് സൂപ്പർവൈസർ |
| പ്രോജക്ട് നം | 30/21 |
| ചെലവ് | 3,12,000(മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| ബിൽ നം | 15/27.03.21 |

വിവിധ അങ്കണവാടികൾക്കായി മെറി ഗോ റൗണ്ട് , ചാരുബഞ്ച് എന്നിവ ആർട്ട്കോയിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട് . 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ മൂല്യമുള്ള വാങ്ങലുകൾക്ക് 2% ജി എസ് ടി സ്രോതസ്സിൽ കുറവ് ചെയ്യേണ്ടതാണ്. എന്നാൽ ആർട്ട്കോയുടെ ബില്ലിൽ നിന്നും അപ്രകാരം ജി എസ് ടി കുറവ് ചെയ്തതായി കാണുന്നില്ല. ജി എസ് ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ട സാഹചര്യത്തിൽ 2% ജി എസ് ടി സ്രോതസ്സിൽ കുറവ് ചെയ്തതിനുശേഷം മാത്രം തുക അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ഹരിത കർമ്മസേന -അവലോകനം

ഹരിത കർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് എന്ന പ്രോജക്ട് മുഖേന ചുവടെ ചേർക്കും പ്രകാരം 2019-20,2020-21 വർഷങ്ങളിലായി തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് നം | ചെലവഴിച്ച തുക(രൂപ) |
|---|---|
| 267/20 | 39541 (വികസന ഫണ്ട് -പൊതുവിഭാഗം) |

| | |
|---|---|
| 340/20 | 84000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| 285/21 | 105000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| 353/21 | 131191 (ധനകാര്യ കമ്മീഷൻ അവാർഡ്) |

പഞ്ചായത്തിലെ 20 വാർഡുകളിലെയും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിന് ഹരിത കർമ്മസേനയെ സഹായിക്കുന്നതിനായി ഗ്രീൻ എർത്ത് ട്രസ്റ്റ് എന്ന സ്ഥാപനത്തെ ഹരിത സഹായ സ്ഥാപനമായി തിരഞ്ഞെടുത്തിരുന്നു. ഹരിത കർമ്മസേനാംഗങ്ങളെ 4 ഗ്രൂപ്പുകളായി തിരിച്ച് കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്യുകയും ഈ ഗ്രൂപ്പുകളിലെ പ്രസിഡന്റ് ,സെക്രട്ടറി എന്നിവരെ ചേർത്ത് ഹരിത കർമ്മസേന കൺസോർഷ്യം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. 4 ഗ്രൂപ്പുകൾക്കായി പ്രത്യേകം ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിച്ചിട്ടുണ്ട്. ഹരിത കർമ്മസേന മുഖേന പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനായി ഓരോ വീടുകളിൽ നിന്നും 30 രൂപ വീതം യൂസർ ഫീ ഇനത്തിൽ പിരിച്ചെടുക്കുന്നുണ്ട്.4 ഗ്രൂപ്പുകൾക്കും യൂസർ ഫീ കളക്ട് ചെയ്യുന്നതിനായി പ്രത്യേകം രസീത് ബുക്കുകളാണ് വിതരണം ചെയ്യുന്നത്. ടി യൂസർ ഫീ കളക്ട് ചെയ്യുന്നതിനായി ഉപയോഗിക്കുന്ന രസീത് ബുക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്യുന്നില്ല. രസീത് മുഖേന പിരിച്ചെടുക്കുന്ന തുകകൾ തിരികെ ലഭിക്കുമ്പോൾ ആയവ കൃത്യമാണോ എന്ന് പഞ്ചായത്ത് തലത്തിൽ പരിശോധന നടത്തുന്നില്ല. പിരിച്ചെടുക്കുന്ന തുകകൾ ടി അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയും ഹരിത കർമ്മസേനയുടെ ആവശ്യങ്ങൾക്കായി വിനിയോഗിക്കുകയും ചെയ്തു വരുന്നു. പഞ്ചായത്ത് തലത്തിൽ ഹരിത കർമ്മസേനയുടെ കണക്കുകളും പ്രവർത്തനങ്ങളും കൃത്യമായി നിരീക്ഷിക്കുവാനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

## 1-23 വി.ഇ.ഓ നിർവ്വഹിച്ച വിവിധ പ്രോജക്ടുകൾ - പദ്ധതി രൂപീകരണത്തിലെ അപാകത

1. വികസന ഫണ്ട് (ടി എസ് പി ) നീക്കിയിരിപ്പ് ഉണ്ടായിരിക്കെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു.

2020-21 ൽ വികസന ഫണ്ട് (ടി എസ് പി ) 4,03,452 രൂപ നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ പട്ടികവർഗ്ഗ വർഗ്ഗ വിഭാഗം വീട് വാസയോഗ്യമാക്കൽ പ്രോജക്ടിന് തനത് ഫണ്ടിൽ നിന്നാണ് 2,73,294 രൂപ ചെലവഴിച്ചിരിക്കുന്നത്. വികസന ഫണ്ട് (ടി എസ് പി ) ചെലവഴിച്ചിരുന്നുവെങ്കിൽ പ്രസ്തുത ഫണ്ടിന്റെ ചെലവ് ശതമാനം കൂടുകയും തനത് ഫണ്ടിൽ നിന്നുള്ള ചെലവ് ഒഴിവാക്കുകയും ചെയ്യാമായിരുന്നു. ഫണ്ടുകളുടെ ലഭ്യതയ്ക്കനുസരിച്ച് പ്രോജക്ടിന് വകയിരുത്തൽ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

2. പ്രോജക്ട് രൂപീകരണ വേളയിൽ ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്തിയില്ല – ചെലവ് തുക പൂർണ്ണമായും നിർവ്വഹണ ഏജൻസിയ്ക്ക് നൽകാൻ കഴിയുന്നില്ല

243/20 കിണർ റീചാർജ്ജിംഗ് (ജനറൽ ) പ്രോജക്ടിൽ 65 ഗുണഭോക്താക്കളുടെ വീടുകളുടെ കിണർ റീചാർജ്ജിംഗിനായി നിർവ്വഹണ ഏജൻസിയായ IRTC യ്ക്ക് 468000 രൂപ (CFC) നൽകി. എന്നാൽ ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ ആകെ 5,52,500 രൂപ (65 X 8500 = 552500) നൽകേണ്ടതായിരുന്നു. പ്രോജക്ട് രൂപീകരണസമയത്ത് ഗുണഭോക്തൃ വിഹിതം പ്രോജക്ടിൽ ഉൾപ്പെടുത്താത്തതിനാലാണ് ഇപ്രകാരം സംഭവിച്ചത്. സബ്സിഡി മാർഗ്ഗരേഖ പാലിച്ച് പ്രോജക്ട് രൂപീകരിക്കുവാൻ ഗ്രാമ പഞ്ചായത്ത് അധികൃതരും നിർവ്വഹണോദ്യോഗസ്ഥനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്..

3. വീട് വാസയോഗ്യമാക്കൽ - പ്രോജക്ട് ലക്ഷ്യം കൈവരിക്കും വിധം സബ്സിഡി അനുവദിക്കേണ്ടതാണ്.
സബ്സിഡി മാർഗ്ഗരേഖ പ്രകാരം വീട് വാസയോഗ്യമാക്കൽ (പൊതുവിഭാഗം) ന് ഒരു ലക്ഷം രൂപ സബ്സിഡി അനുവദിക്കാവുന്നതാണ് . എന്നാൽ പരമാവധി ഗുണഭോക്താക്കൾക്ക് നൽകുക എന്ന ലക്ഷ്യത്തോടെ 2019-20 , 2020-21 വർഷങ്ങളിൽ യഥാക്രമം 30,000 രൂപ , 50,000 രൂപ എന്നിങ്ങനെയാണ് തുക അനുവദിച്ചിരിക്കുന്നത്. ഇപ്രകാരം തുക അനുവദിക്കുന്നതിനാൽ പ്രോജക്ട് വിഭാവനം ചെയ്യുന്ന രീതിയിൽ പ്രവൃത്തി നടത്താൻ കഴിയാതെ വരുന്നു. വീട് വാസയോഗ്യമാക്കൽ (പട്ടിക ജാതി വിഭാഗം) ന് 1.5 ലക്ഷം രൂപയാണ് പരമാവധി സബ്സിഡി. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരു ലക്ഷം രൂപയാണ് 2020-21 ൽ അനുവദിച്ചിരിക്കുന്നത്.

## 1-24 ആശ്രയ പദ്ധതി അക്കൗണ്ടുകൾ നിലനിർത്തിയിരിക്കുന്നത് ക്രമപ്രകാരമല്ല.

അഗതി രഹിത കേരളം പദ്ധതി നിലവിൽ വരുന്നതിനുമുമ്പ് ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന ആശ്രയ I , ആശ്രയ II ഘട്ടങ്ങളുടെ അക്കൗണ്ടുകൾ നാളിതുവരെ ക്ലോസ് ചെയ്തിട്ടില്ല. ആശ്രയ I , II പദ്ധതികളിൽ നിലനിൽക്കുന്ന വിവിധ അക്കൗണ്ടുകളുടെ 31/03/21 ലെ നീക്കിയിരിപ്പ് വിവരം ചുവടെ ചേർക്കുന്നു.

| ഘട്ടം | അക്കൗണ്ട് വിവരങ്ങൾ | തുക (രൂപ) |
|---|---|---|
| ആശ്രയ I | | |
| വികസന ഫണ്ട് | എസ് ബി ഐ പാമ്പാടി , 67164540168 | 2,91,694 |
| ചലഞ്ച് ഫണ്ട് | പാമ്പാടി സർവീസ് സഹകരണ ബാങ്ക് | 21507 |
| ആശ്രയ II | | |
| വികസന ഫണ്ട് | കാനറാ ബാങ്ക് , പാമ്പാടി - 3585101004355 | 153982 |

ആശ്രയ II ഘട്ട ചലഞ്ച് ഫണ്ട് (കാനറാ ബാങ്ക് , പാമ്പാടി - 3585101005205) ൽ 14/01/20 ന് അവശേഷിച്ചിരുന്ന 177680 രൂപ അഗതി രഹിത കേരളം അക്കൗണ്ട് ചലഞ്ച് ഫണ്ടിൽ ( കാനറാ ബാങ്ക് , പാമ്പാടി - 3585101006573) നിക്ഷേപിച്ചു. അഗതിരഹിതകേരളം പദ്ധതി മാർഗ്ഗരേഖ ഖ.3.4 പ്രകാരം മേൽ അക്കൗണ്ടുകളിൽ നിലവിൽ അവശേഷിക്കുന്ന തുക അഗതിരഹിതകേരളം പദ്ധതി അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് . മേൽ മാർഗ്ഗരേഖ പ്രകാരം അഗതിരഹിതകേരളത്തിനായി ഒറ്റ അക്കൗണ്ട് നിലനിർത്തിയാൽ മതിയാകും. എന്നാൽ ഗ്രാമപഞ്ചായത്തിൽ വികസന ഫണ്ട് , ചലഞ്ച് ഫണ്ടുകൾക്കായി വ്യത്യസ്ത അക്കൗണ്ടുകൾ നിലവിലുണ്ട്. ആയവ ഏകീകരിക്കുവാനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 സർക്കാർ അനുമതിയില്ലാതെ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം.

2020-21 സാമ്പത്തിക വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ ഡേറ്റ എൻട്രി ഓപ്പറേറ്റർ എന്ന തസ്തികയിൽ പാർവതി.വി. എന്നയാൾക്ക് 4/20 മുതൽ 3/21 വരെ പ്രതിദിനം 740/-രൂപ നിരക്കിൽ ദിവസവേതനത്തിൽ താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്. ടിയാൾക്ക് നൽകിയ വേതനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | നൽകിയ വേതനം | വൗച്ചർ നം. / തീയതി | ചെക്ക് നം. /തീയതി |
|---|---|---|---|
| 4/20 | 17760 | 22000013/1.4.20 | 5216920/1.4.20 |
| 5/20 | 19240 | 22000075/4.5.20 | 1516/4.5.20 |
| 6/20 | 17760 | 22000165/1.6.20 | 1543/3.6.20 |
| 7/20 | 17760 | 22000291/1.7.10 | 2319383/3.7.20 |
| 8/20 | 19240 | 22000387/3.8.20 | 2053304/14.8.20 |
| 8/20 | 13320 | 22000500/21.8.20 | 482618/22.8.20 |
| 10/20 | 11100 | 22000596/1.10.20 | 699676/7.10.20 |
| 11/20 | 17020 | 22000713/2.11.20 | 2053319/2.11.20 |
| 12/20 | 18500 | 22000846/1.12.20 | 028392/1.12.20 |
| 1/21 | 11000 | 22000964/4.1.21 | 29950/4.1,21 |
| 2/21 | 8880 | 22001116/1.2.21 | 2053343/1.2.21 |
| 3/21 | 17365 | 22001235/1.3.21 | 025932/1.3.21 |
| ആകെ | 188945 | | |

സർക്കാർ അംഗീകൃതമല്ലാത്ത തസ്തികയിലേയ്ക്ക് ദിവസന വേതനത്തിന് നിയമനം നടത്തുന്നത് നിലവുള്ള നിയമങ്ങൾക്ക് വിരുദ്ധമാണ്.സർക്കാർ അംഗീകൃതമല്ലാത്ത തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തേണ്ട സാഹചര്യം വരികയാണെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.ഇപ്രകാരമുള്ള മുൻകൂർ അനുമതി സർക്കാരിൽ നിന്നും വാങ്ങാതെ ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ നിയമനം നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ താൽക്കാലിക നിയമനം നടത്തിയതിനാൽ 188945/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 ബാരൽവില സർക്കാരിലേയ്ക്ക് അടവാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളിൽ ബാരൽ വില (238+18% GST) കിഴിച്ചുള്ള തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത് . ബാരൽ വില സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് എന്നാൽ സർക്കുലർ നം.59827/ എഫ്എം/07/തസ്വഭവ/30.10.07 പ്രകാരം ടാർ വാങ്ങാൻ തുക ചെലവഴിച്ച ഫണ്ടിലേയ്ക്ക് തന്നെ ബാരൽ വില തിരിച്ചടവാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ബാരൽ വില പൂർണ്ണമായും തനത് ഫണ്ടിലാണ് നിക്ഷേപിച്ചു വരുന്നത്. ബാരൽ വില ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്കും, ജി എസ് റ്റി സർക്കാരിലേക്കും അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 ഇ-ടെണ്ടർ -ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമായിട്ടില്ല.

ഗ്രാമഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ്ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്.2020-21വർഷം ടെൻഡർ ചെയ്ത വർക്കുകളുടെ ടെൻഡർ ഫീസിനത്തിൽ ഇപ്രകാരം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്നതും ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ടതുമായ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രോജക്ടിന്റെ പേര് | ലഭിച്ച ടെൻഡറുകൾ | ടെൻഡർ ഫീസ് | ആകെ ടെൻഡർ ഫീസ് |
|---|---|---|---|---|
| 1 | പഴൂപറമ്പിൽപടി മൈലക്കാട്ടുപടി റോഡ് പുനരുദ്ധാരണം | 2 | 890 | 1780 |
| 2 | പൂതക്കുഴി ചീനിക്കടുപ്പ് റോഡ് പുനരുദ്ധാരണം | 3 | 893 | 2679 |
| 3 | മൂരിപ്പാറ വട്ടക്കുന്നുറോഡ് പുനരുദ്ധാരണം | 2 | 804 | 1608 |
| 4 | ആലക്കൽപ്പറമ്പിൽപ്പടി പഴൂപ്പറമ്പിൽപ്പടി റോഡ് പുനരുദ്ധാരണം | 4 | 1320 | 5280 |
| 5 | അമ്പാറയിൽപ്പടി ചെവിക്കുന്ന റോഡ് പുനരുദ്ധാരണം | 2 | 1026 | 2032 |
| 6 | തണ്ണിമറ്റം പാറമറ്റം റോഡ് | 5 | 2500 | 12500 |
| 7 | ചെറ്റിയാടത്തുപ്പടി മുണ്ടാടിക്കുന്ന് റോഡ് | 2 | 1786 | 3572 |
| 8 | കൈതമറ്റം അണ്ണായി റോഡ് | 4 | 2500 | 10000 |
| 9 | കന്നേൽപ്പടി മാക്കൽപ്പടി റോഡ് | 4 | 1786 | 7144 |
| | | | | |

| | | | | |
|---|---|---|---|---|
| | | | ആകെ | 46595 |

ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ആയതിനാൽ 2020-21വർഷം ഇ-ടെൻഡർഫീ ഇനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭിച്ചിട്ടുള്ള തുക ടി അക്കൗണ്ടിൽനിന്നും തിരികെ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ടെൻഡർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിലേക്കും ജി.എസ്.റ്റി. ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്കും അടവാക്കേണ്ടതുമാണ്.

## 1-28 കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി.

2020-21 വർഷം വിവിധ കുടിവെള്ള പദ്ധതികൾക്കായി 1689374/- രൂപ ചെലവഴിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതികളുടെ നിലവിലെ അവസ്ഥവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നിലവിലെ അവസ്ഥ |
|---|---|---|---|
| 189/21 | 14-ാം വാർഡ് കൈതമറ്റം കുടിവെള്ള പദ്ധതി പൂർത്തീകരണം | 300000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) 9607(തനത് ഫണ്ട്) | ടി കുടിവെള്ള പദ്ധതി ബ്ലോക്ക് വിഹിതം കൂടി ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്.കറന്റ് കണക്ഷൻ കൂടി ലഭ്യമാക്കിയാൽ പമ്പിംഗ് ആരംഭിക്കാവുന്ന സ്ഥിതിയിലാണ്. |
| 212/21 | പേഴമറ്റം കുന്നേപ്പറമ്പ് കുടിവെള്ള പദ്ധതി പൂർത്തീകരണം | 100205(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) 35650(തനത് ഫണ്ട്) | പദ്ധതി പൂർത്തീകരിച്ച് ജലവിതരണം ആരംഭിച്ചു. |
| 214/21 | 18-ാംവാർഡ് പറയരുതോട്ടം കുടിവെള്ള പദ്ധതി | 408978(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | കിണർ നിർമ്മാണം മാത്രം പൂർത്തീകരിച്ചു. |
| 216/21 | കരിങ്ങണാംപൊയ്ക കുടിവെള്ള പദ്ധതി പൂർത്തീകരണം | 334801(തനത് ഫണ്ട്) | പൂർത്തീകരിച്ചിട്ടില്ല.ഈവർഷം പൂർത്തീകരണത്തിനായി പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 223/21 | മെയ്യാരപ്പള്ളി കുടിവെള്ള പദ്ധതി പൂർത്തീകരണം | 90,000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | പ്രോജക്ട് പൂർത്തീകരിച്ചു.കറന്റ് കണക്ഷന് പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 252/21 | താന്നിമറ്റം കുടിവെള്ള പദ്ധതി പൂർത്തീകരണം | 200,000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) 210133ജില്ലാ പഞ്ചായത്ത് വിഹിതം) | പൂർത്തീകരിച്ചു.ജലവിതരണം ആരംഭിച്ചു. |
| | ആകെ | 1689374/- | |

മേൽ പരാമർശിച്ചിട്ടുള്ള കുടിവെള്ള പദ്ധതികളിൽ പൂർത്തീകരിച്ചവ ഗുണഭോക്തൃസമിതികൾക്ക് കൈമാറേണ്ടതും,പൂർത്തീകരിക്കാനുള്ളവ പൂർത്തീകരിക്കാൻ പ്രോജക്ടുകൾ ആവിഷ്കരിച്ച്

നടപ്പിലാക്കേണ്ടതുമാണ്.

## 1-29 സാമൂഹിക അടുക്കളയുടെ പ്രവർത്തനം.

കൊവിഡ് -19 രണ്ടാം ഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് പൂർണ്ണമായ ലോക്ക്ഡൗൺ വന്നതിനെ തുടർന്ന് സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങൾക്ക് ഭക്ഷണം ലഭ്യമാകാത്ത സാഹചര്യം , സ്വന്തമായി ഭക്ഷണം പാചകം ചെയ്യുന്നതിനുള്ള വിഭവങ്ങൾ കണ്ടെത്താൻ പ്രയാസപ്പെടുന്നവരെയും വിഭവങ്ങൾ ഉണ്ടെങ്കിലും സ്വന്തമായി പാചകം ചെയ്ത് കഴിക്കുവാനുള്ള സാഹചര്യം വിവിധ കാരണങ്ങളാൽ ഇല്ലാത്തവരെയും മുന്നിൽ കണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കുടുംബശ്രീയുടെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി കിച്ചണുകൾ ആരംഭിക്കുന്നതിന് സ.ഉ.(സാധാ)നം.713/2020 ത.സ്വ.ഭ.വ തീ 26.3.20 പ്രകാരം പാമ്പാടി ഗ്രാമപഞ്ചായത്തിൽ 12.5.21മുതൽ 16.6.21 വരെ കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തിച്ചു.കമ്മ്യൂണിറ്റി കിച്ചണിന്റെ പ്രവർത്തനങ്ങൾക്കായി പൊതുജനങ്ങളിൽ നിന്നും സംഭാവന സ്വീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെയും സെക്രട്ടറിയുടെയും പേരിൽ പാമ്പാടി എസ്.സി.ബിയിൽ ഒരു അക്കൗണ്ട് ആരംഭിച്ചിരുന്നു.(A/C No.8381)പ്രസ്തുത അക്കൗണ്ടിലേയ്ക്ക് സംഭാവനയിനത്തിൽ ആകെ 503000/-രൂപ ലഭിച്ചിട്ടുണ്ട്.കമ്മ്യൂണിറ്റി കിച്ചണിലേയ്ക്ക് സാധനങ്ങൾ സംഭാവനയായി ലഭിച്ചതിന്റെ മൂല്യം 256945/-രൂപയാണ്.പ്രസ്തുത തുക കമ്മ്യൂണിറ്റി കിച്ചണിന്റെ പ്രവർത്തനത്തിനായി വിനിയോഗിച്ചിട്ടുണ്ട്.നിലവിൽ കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തിക്കുന്നില്ലാത്തതിനാൽ ഇതിനായി ആരംഭിച്ച അക്കൗണ്ട് 2.9.21 ൽ ക്ലോസ്സ് ചെയ്തിട്ടുണ്ട്.

## 1-30 ഭവന നിർമ്മാണ പദ്ധതി 2016-17 – രണ്ട് വീടുകൾ പൂർത്തീകരിച്ചില്ല.

2016-17ലെ ജനകീയാസൂത്രണ പദ്ധതിയിൽ പെടുത്തി സഹകരണബാങ്കിന്റെ കുടിൽരഹിത ഭവനനിർമാണ വായ്പാ പദ്ധതിപ്രകാരം 100വീടുകൾ നിർമ്മിക്കുന്നതിന് 20-02-2017ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുക്കുകയും സർക്കാർ അനുമതിയോടെ കോട്ടയംജില്ലാ സഹകരണബാങ്കിൽ നിന്ന് 2കോടിരൂപ വായ്പ എടുക്കുകയും ചെയ്തു.പ്രോജക്ട് പ്രകാരം ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താവിന് ഭവനം നിർമ്മിക്കുന്നതിന് ഭവനനിർമാണ ഘട്ടങ്ങളുടെ അടിസ്ഥാനത്തിൽ 2ലക്ഷം രൂപ വീതം നല്കാനാണ് ലക്ഷ്യമിട്ടത്.ഇത് അനുസരിച്ച് പലഘട്ടങ്ങളായി തുക കൈപ്പറ്റിയ രണ്ട് ഗുണഭോക്താക്കൾ നാളിതുവരെ പണികൾ പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. വിവരം ചുവടെ ചേർക്കുന്നു.

| പേര് , വിലാസം | കൈപ്പറ്റിയ തുക |
|---|---|
| മാത്യു.എം.എം & ശ്രീജ<br>മാവേലിമറ്റം, വാർഡ് 17 | 1,80000/ |
| സി.കെ.രാജു & കുഞ്ഞുമോൾ,<br>ചീനിക്കടുപ്പിൽ,വാർഡ് 9 | 1,40000/ |

ഗുണഭോക്താക്കൾ വീട് പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-31 കോവിഡ് പ്രതിരോധ പ്രവർത്തനം.

കോവിഡ് 19 നോടനുബന്ധിച്ച കോവിഡ് കെയർ സെന്റർ ഗ്രാമപഞ്ചായത്ത് പരിധിയിലെ ഗവ.എൻജിനീയറിംഗ് കോളേജ് ഹോസ്റ്റലിൽ കോവിഡ് വ്യാപനത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ ആരംഭിക്കുകയും പിന്നീട് സിഎഫ്.എൽ.ടി.സി യായി പ്രവർത്തനം തുടരുകയുണ്ടായി.കമ്യൂണിറ്റി കിച്ചൺ 28-03-2020 ൽ പ്രവർത്തിച്ചു തുടങ്ങി. കോവിഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ഗ്രാമ പഞ്ചായത്തിന് 31-03-2021 വരെയുള്ള ചെലവ് 950801/രൂപയാണെന്ന് ഇതു സംബന്ധിച്ച കണക്കുകൾ വ്യക്തമാക്കുന്നു.സി.എഫ്.എൽ.ടി.സി ക്ക് മാത്രമായുള്ള ചെലവ് 485894/രൂപയാണ്.സി.എഫ്.എൽ.ടി.സി ആരംഭിക്കുന്നതുൾപ്പെടെ പ്രാരംഭചെലവുകൾക്കായി കോട്ടയം ജില്ലാ ദുരന്തനിവാരണ അതോറിട്ടിയുടെ 05-10-2020ലെ ഉത്തരവ് DM.1-6182/2020/CZ പ്രകാരം 500000/ രൂപ അനുവദിച്ചത് 799011400006537നം. ട്രഷറി അക്കൗണ്ടിൽ 14-10-2020 ൽ ക്രെഡിറ്റ് ചെയ്തു.കൂടാതെ കോവിഡ് കെയർ സെന്ററിന്റെ നടത്തിപ്പുൾപ്പെടെ ചെലവുകൾക്കായി ജില്ലാ ദുരന്തനിവാരണ അതോറിട്ടിയുടെ 09-09-2020 ലെ ഉത്തരവ് നം.DM-1-

4710/2020/CCC-B-2 ഉത്തരവ് പ്രകാരം 21771/രൂപയും അനുവദിച്ചു.ടി തുകകൾ കൂടാതെ ചെലവ് രേഖകളുടെ അടിസ്ഥാനത്തിൽ 254547/ രൂപ അനുവദിച്ചത് ട്രഷറിബിൽ നം.25/20-21/01-01-2021 പ്രകാരം മാറി തനതുഫണ്ടിലേക്ക് നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.അതായത് ആകെ ചെലവിൽ 776318/രൂപ ദുരന്ത നിവാരണ അതോറിട്ടിയിൽ നിന്ന് അനുവദിക്കുകയുണ്ടായി.

കോവിഡ് വ്യാപനത്തിന്റെ രണ്ടാം തരംഗത്തിൽ പഞ്ചായത്തിന്റെ കമ്യൂണിറ്റി കിച്ചൺ നടത്തിപ്പിനായി ജനങ്ങളിൽ നിന്ന് സംഭാവനയായി പണവും ഭക്ഷ്യസാധനങ്ങളുമുൾപ്പെടെ ലഭിച്ചിരുന്നതിനാൽ പ്രസ്തുത ചെലവുകൾ പ്രത്യേക അക്കൗണ്ടുമുഖാന്തിരമാണ് നിയന്ത്രിച്ചിരുന്നത് എന്നതിനാൽ മേൽ ചേർത്ത കോവിഡ് ചെലവുകളിൽ അവ ഉൾപ്പെടുന്നില്ല.

സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് കാര്യക്ഷമമായിത്തന്നെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്ത് ഏർപ്പെട്ടിരുന്നുവെന്ന് രേഖകളുടെ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്.

<u>1-32 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല.</u>

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ 2020-2021 വാർഷികപദ്ധതിയിൽപ്പെട്ട വിവിധ പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി വ്യത്യസ്ത ഏജൻസികളിൽ തുകകൾ നിക്ഷേപിച്ചുവെങ്കിലും ഇനിയും പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രോജക്ട് ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട് നമ്പർ,പേര് | നിക്ഷേപ തുക / ഫണ്ട് | ബിൽ/ ചെക്ക് വിവരം | തുക കൈപ്പറ്റിയ സ്ഥാപനം. |
|---|---|---|---|---|
| 1 | 57,വിവിധ വാർഡുകളിൽ കുഴൽക്കിണർ നിർമാണം. | 50000/ ധനകാര്യകമ്മീഷൻ ഗ്രാന്റ്. | 34/20-21/ 03-03-2021 | ഭൂജല വകുപ്പ്. |
| 2 | 123,വിവിധവാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ. | 856645/ 93795/ ആകെ-950440. ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 21/20-21/ 27-11-2020 06/20-21 11-05-2020 | കെ.എസ്.ഇ.ബി,പാമ്പാടി. കെ.എസ്.ഇ.ബി, കൂരോപ്പട. |
| 3 | 161,വിവിധ അങ്കണവാടികളുടെ കുഴൽകിണർ കുടിവെള്ളപദ്ധതി പൂർത്തീകരണം. | 1100000/ മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം. | 02/20-21 16-04-2020. | ഭൂജലവകുപ്പ്. |
| 4 | 175,വിവിധവാർഡുകളിൽ തടയണ മെയിന്റനൻസ്. | 500000/ ധനകാര്യകമ്മീഷൻ ഗ്രാന്റ്. | 03/20-21 11-05-2020 | ചെറുകിട ജലസേചന വകുപ്പ്. |
| 5 | 176,വിവിധവാർഡുകളിൽ തടയണ നിർമ്മാണം | 786000/ 845000/ 869000/ | 04/20-21 | ചെറുകിട ജലസേചന വകുപ്പ്. |

| | | | | |
|---|---|---|---|---|
| | | ആകെ- 2500000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്. | 11-05-2020. 05/20-21 11-05-2020 20/20-21 27-11-2020. | |
| | ആകെ | 5100440/ | | |

പ്രോജക്റ്റുകൾ പൂർത്തീകരിച്ച് വിശദാംശങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ നിക്ഷേപപ്രവൃത്തികൾക്കായുള്ള ആകെ ചെലവ് 5100440/തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധിക ധനസഹായം അനുവദിച്ചു

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ് , സെന്റ് തോമസ് ഗവ.എൽ പി എസ് |
| പ്രോജക്റ്റ് നം, പ്രോജക്റ്റ് | 70/21 , പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| ചെലവ് | 3,40,000 (എസ് സി പി) |
| ബിൽ നം | 02/25.02.21 |

ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന നിധീഷ് കുമാർ റ്റി എസ് , തയ്യാട്ടുകിഴക്കേതിൽ , പാമ്പാടി എന്ന വിദ്യാർത്ഥി 2019-21 വർഷം ഗവ.ഐടിഐ പള്ളിക്കത്തോട്ടിൽ Mechanical Motor Vehicle എന്ന ഐടിഐ കോഴ്സ് ആണ് പഠിച്ചിരുന്നത്. എന്നാൽ ബിരുദ / എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് നൽകുന്ന 20,000 രൂപയാണ് വിദ്യാർത്ഥിക്ക് അനുവദിച്ചത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 15,000 രൂപയായിരുന്നു അനുവദിക്കാവുന്നത്. അയ്യായിരം രൂപ അധികമായി അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (6/21/02.09,21) മറുപടിയായി അധികം നൽകിയ തുക തിരികെ അടയ്ക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. തുക തിരികെ സർക്കാറിലേയ്ക്ക് അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -4

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2020-21 | 6.09.21- 7.9.21 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 393717 | ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ് | 393717 | 0 |
| | 500000 | ഗ്രാമറ്റം അംഗൻവാടി നിർമാണം | 500000 | |
| ജില്ലാ പഞ്ചായത്ത് | 2370000 | ലൈഫ് ജനറൽ | 2370000 | 0 |
| | 940000 | ലൈഫ് ഭവന പദ്ധതി-പട്ടികജാതി | 940000 | |
| | 289000 | ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ് | 289000 | 0 |
| | 210133 | താന്നിമറ്റം കുടിവെള്ള പദ്ധതി പൂർത്തീകരണം | 210133 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയും പ്രകാരം ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഭൂജല വകുപ്പ് | വിവിധ വാർഡുകളിൽ കുഴൽക്കിണർ നിർമാണം(പ്രൊജക്ട്-57/21) | 50000 | 0 | 50000 |
| | വിവിധ അംഗനവാടികളുടെ കുഴൽക്കിണർ കുടിവെള്ള പദ്ധതി പൂർത്തീകരണം(161/21) | 1100000 | 0 | 1100000 |
| കേരള സ്റ്റേറ്റ് | വിവിധ വാർഡുകളിൽസ്ട്രീറ്റ് മെയിൻ വലിക്കൽ | 950440 | 0 | 950440 |

| | | | | |
|---|---|---|---|---|
| ഇലക്ട്രിസിറ്റി ബോർഡ് | | | | |
| മൈനർ ഇറിഗേഷൻ | വിവിധ വാർഡുകളിൽ തടയണ മെയിന്റനൻസ്(175/21) | 500000 | 0 | 500000 |
| | വിവിധ വാർഡുകളിൽ തടയണ നിർമാണം(176/21) | 2500000 | 0 | 2500000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നം, തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഭവന നിർമ്മാണം (ജനറൽ) 20000000/- രൂപ | സ ഉ (സാധാ) 359/17/ തസ്വഭവ തീയതി 08.02.17 | 1,99,20,000 | 79,20,000 | 0 | 4000000 | 3,920000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | പാമ്പാടി സർവ്വീസ് സഹകരണ ബാങ്ക് | വെള്ളൂർ സർവ്വീസ് സഹകരണ ബാങ്ക് | ആകെ |
|---|---|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1987682 | 2081992 | 4069674 |
| തൻവർഷം നിക്ഷേപിച്ച തുക | - | - | - |
| പലിശ | 163984 | 166559 | 330543 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - | - | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 2151666 | 2248551 | 4400217 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവ് ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-4 | 2011-12 | 2-6 | കെഎസ്ഇബി - നിക്ഷേപ പ്രവൃത്തി - 5,65,742/- രൂപ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 2009-10 | 3-2 | 2011-12 | 2-6 | കേരള വാട്ടർ അതോറിറ്റി - 3,79,000/- രൂപ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 111678272 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 109795218 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 5000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5391385 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 102000 | പ്രവീൺ ജോൺ, കൃഷി ഓഫീസർ, പാമ്പാടി |
| 1-25 | 188945 | കെ.എൻ.രാധാകൃഷ്ണൻ നായർ, സെക്രട്ടറി |

| | | |
|---|---|---|
| 1-32 | 5100440 | കെ.എൻ.രാധാകൃഷ്ണൻ നായർ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പ്രവീൺ ജോൺ, കൃഷി ഓഫീസർ | പ്രവീൺ ജോൺ, കൃഷി ഓഫീസർ, പാമ്പാടി | ആഞ്ഞിലിത്തറ അയ്മനം പി.ഒ, കോട്ടയം |
| ഓമന മാത്യു, ഹെഡ്മാസ്റ്റർ | ഓമന മാത്യു, ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്, സൗത്ത് പാമ്പാടി | മേത്തുരിത്തിൽ, അയർക്കുന്നം പി.ഒ, കോട്ടയം |
| കെ.എൻ.രാധാകൃഷ്ണൻ നായർ, സെക്രട്ടറി | കെ.എൻ.രാധാകൃഷ്ണൻ നായർ, സീനിയർ സൂപ്രണ്ട്, ജില്ലാ പഞ്ചായത്ത്, കോട്ടയം | കുന്നേൽ താഴെ വീട്, ചമ്പക്കര പി.ഒ, കറുകച്ചാൽ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.കെ.പി.4/178/08 /5.12.08 | -- |
| 1998-99 (DCB) | കെ.എസ്.എ.കെ.റ്റി.എം.അദ2018/184(2)/ 1.2.18 | 2 |
| 1998-99 | കെ.എസ്.എ.കെ.റ്റി.എം.അദ2018/184(3)/ 1.2.18 | 4 |
| 1999-2000, | എൽ.എഫ്.കെ.പി.6/164/03 /07.08.08 | -- |

| | | |
|---|---|---|
| 2000-01, 01-02 PLAN | | |
| 2002-03 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(4)/ 1.2.18 | 4 |
| 2003-04 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(5)/ 1.2.18 | 2 |
| 2004-05 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(6)/ 1.2.18 | 6 |
| 2005-06 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(7)/ 1.2.18 | 3 |
| 2006-07 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(8)/ 1.2.18 | 1 |
| 2007-08 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(9)/ 1.2.18 | 5 |
| 2008-09 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(10)/ 1.2.18 | 2 |
| 2009-10 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(11)/ 1.2.18 | 7 |
| 2010-11 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(12)/ 1.2.18 | 10 |
| 2011-12 | കെ.എസ്.എ.കെ.റ്റി.എം.അദാ2018/184(13)/ 1.2.18 | 16 |
| 2012-13 | എൽ.എഫ്.കെ.പി.12/22/15/6.10.15/ 13.11.15 | 14 |
| 2013-14,14-15 | എൽ.എഫ്.കെ.പി.12/910/16/8.8.16/ 23.8.1616 | 15 |
| 2015-16 | കെ.എസ്എ.കെടിഎം.പി13/672/17/19.1.18 | 16 |
| 2016-17 | കെ.എസ്എ.കെടിഎം.പി13/1495/ 17/22.1.18 | 17 |
| 2017-18 | കെ.എസ്എ.കെടിഎം.പി13/437/ 19/27.04.19 | 27 |
| 2018-19 | നം. കെ.എസ്.എ-കെ.ടി.എം.പി.13/1701/2019 | 38 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

കോട്ടയം ജില്ലയിലെ പാമ്പാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്